# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1891 07.03.2017 -ലെ മറുപടി**

## പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുതുക്കാൻ നടപടി

**ചോദ്യം**

**ശ്രീ. കെ.വി.വിജയദാസ്**

പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുതുക്കിയിട്ട് 30 വർഷക്കാലത്തോളമായ സാഹചര്യത്തിൽ ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത കരാർ പുതുക്കി കേരളത്തിന് അർഹതപ്പെട്ടതും ആവശ്യമുള്ളതുമായ ജലം നേടിയെടുക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിലുള്ള വിശദവിവരം നൽകുമോ?

**ഉത്തരം**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. ഇതു അനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 9 ന് തികഞ്ഞിരുന്നു ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988 ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും, മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ 1988 - 2011 കാലയളവിൽ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജല ലഭ്യത പങ്ക് വെയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

പല തലത്തിലുള്ള ചർച്ചകൾ നടന്നിട്ടും കരാർ പുതുക്കാൻ സാധിക്കാതെ വരികയും അതേസമയം തമിഴ് നാട് കരാർ ലംഘനം പതിവാക്കുകയും ചെയ്ത സാഹചര്യത്തിൽ നിയമ നടപടികളിലേക്ക് പോകാൻ കേരളം നിർബന്ധിതമായേക്കും. എന്നാൽ ചർച്ചകളിലൂടെ സമവായത്തിലെത്തുക എന്നതു തന്നെയാണ് ഇപ്പോഴും കേരളത്തിന്റെ മുഖ്യ അജണ്ട. കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കുന്നതിൽ , ഊന്നൽ നൽകികൊണ്ട് തമിഴ്നാടുമായി തുടർചർച്ചകൾ നടത്തുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ